"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - ഇടവട്ടം കെ.എസ്സ്.എം.വി.എച്ച്.എസ്.എസ് മാനേജർ ബഹു.കേരളഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C)No.28556/2022 -ന്മേൽ ബഹു.ഹൈക്കോടതി 01.12.2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4329/2025/GEDN തീയതി,തിരുവനന്തപുരം, 30-06-2025

പരാമർശം:-

1. WP(C)No.28556/2022 -ന്മേൽ ബഹു.ഹൈക്കോടതി 01.12.2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം
2. കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 14.05.2025-ലെ D/258/2025 നമ്പർ കത്ത്
3. 02.6.2025 തീയതിയിലെ സർക്കാർ കത്ത് നം.ബി1/47/2025/GEDN
4. ഇടവട്ടം കെ.എസ്സ്.എം.വി.എച്ച്.എസ്.എസ് മാനേജർ 04.06.2025 തീയതിയിൽ സമർപ്പിച്ച അപേക്ഷ

**ഉത്തരവ്**

ഇടവട്ടം കെ.എസ്സ്.എം.വി.എച്ച്.എസ്.എസ് മാനേജർ ബഹു.കേരളഹൈക്കോടതിയിൽ പരാമർശം(1) പ്രകാരം ഫയൽ ചെയ്തിട്ടുള്ള കേസിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും പരാമർശം(2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ കൊല്ലം ജില്ലയിൽ പവിത്രേശ്വരം പഞ്ചായത്തിൽ, കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന കൊട്ടാരക്കര സുരേന്ദ്രൻ മെമ്മോറിയൽ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ആഫീസറും സെക്ഷൻക്ലാർക്കും 13-05-2025-ൽ സന്ദർശനം നടത്തുകയുണ്ടായി. 2024-25 അദ്ധ്യയനവർഷത്തിൽ ഈ

വിദ്യാലയത്തിൽ 8,9,10 ക്ലാസ്സുകളും വൊക്കേഷണൽ ഹയർസെക്കന്ററി ക്ലാസ്സുകളും പ്രവർത്തിക്കുന്നു. ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ട്, സ്കൂൾ ബസ്സ് സർവീസ് നടത്തുന്നു. 950-ാം നമ്പർ ഇടവട്ടം എൻ.എസ്സ്.എസ്സ്. കരയോഗത്തിന്റ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഇടവട്ടം, എൽ.പി. എസ്സ്. എന്ന വിദ്യാലയം 1 മുതൽ 5 വരെ ക്ലാസ്സുകളോട് കൂടി ഈ സ്കൂളിനടുത്തുണ്ട്. ഇടവട്ടം എൽ.പി. സ്കൂളിലെ കുട്ടികൾ 5-ാം ക്ലാസ്സ് കഴിഞ്ഞ് ഈ വിദ്യാലയത്തിന് 2 കി.മീ. അകത്ത് മാത്രം പവിത്രേശ്വരം പ്രവർത്തിക്കുന്നതും 5 മുതൽ +2 വരെ ക്ലാസ്സുകൾ ഉള്ളതുമായ കെ.എൻ.എൻ.എം.എച്ച്.എസ്സ്.എസ്സ്. സ്കൂളിലേക്കാണ് തുടർപഠനത്തിനായി പോകുന്നത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2.കെ.ഇ.ആർ. ചട്ടങ്ങൾ പ്രകാരം 6,7 ക്ലാസ്സുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടത് ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നുമാണ്. മാത്രമല്ല ടി സ്കൂൾ അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഡി.ജി.യുടെ കാര്യാലയത്തിൽ നിന്നും ഗസറ്റ് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങളൊന്നും നാളിതുവരെ ലഭിച്ചിട്ടുമില്ല. മേൽ സാഹചര്യത്തിൽ ഇത് സംബന്ധിച്ച് കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണെന്ന് നിലവിലുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇടവട്ടം കെ.എസ്സ്.എം.വി. അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുവാനുള്ള നിർദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും, കൊട്ടാരക്കര ജില്ലാ വിദ്യഭ്യാസ ഓഫീസർക്കും പരാമർശം(3) പ്രകാരം നിർദേശം നൽകിയിരുന്നു.

3.The Right of Children to Free and Compulsory Education Act 2009 പ്രകാരം ഇടവട്ടം കെ.എസ്.എം.വി.എച്ച്.എസ്.എസിൽ അപ്പർ പ്രൈമറി വിഭാഗം പൂർണ്ണമായി പ്രവർത്തിപ്പിക്കുന്നതിന് ഇപ്പോഴുള്ള VIII- ആം സ്റ്റാൻഡേർഡിനു പുറമേ VI-ആം സ്റ്റാൻഡേർഡും VII-ആം സ്റ്റാൻഡേർഡും കൂട്ടിച്ചേർക്കുകയാണ് വേണ്ടത് എന്നും ഇത് up gradation അല്ല എന്നും മറിച്ച് ലോവർ സ്റ്റാൻഡേർഡുകളുടെ introduction ആണ് എന്നും ഇതിന് കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം V ലെ Rule 2, Rule 2 A എന്നിവ ബാധകമല്ല എന്നും, The Right of Children to Free and Compulsory Education Act 2009 അപഗ്രഥനം ചെയ്തുകൊണ്ട് ബഹു.കേരള ഹൈക്കോടതിയുടെ ഫുൾ ബെഞ്ച് 10/07/2019 ൽ W.ANo. 1140/2018 എന്ന കേസിലും അനുബന്ധ കേസുകളിലും വിധിപ്രസ്താവിച്ചിട്ടുണ്ട് എന്നും പ്രസ്തുത വിധിന്യായപ്രകാരം ഇടവട്ടം കെ.എസ്.എം.വി.എച്ച്.എസ്.എസ് പോലുള്ള സ്കൂളുകളിൽ നിലവിലുള്ള VIII ആം ക്ലാസിന് പുറമെ അതിന്റെ താഴത്തെ

സ്റ്റാൻഡേർഡുകളായ VI ഉം VII ഉം കൂട്ടിച്ചേർത്ത് പൂർണ്ണ അപ്പർ പ്രൈമറി വിഭാഗമാക്കുകയാണ് വേണ്ടത്. ഈ പ്രക്രിയയെ up gradation എന്ന് വ്യാഖ്യാനിച്ച് KER ന്റെ അദ്ധ്യായം V ചട്ടം 2, 2A എന്നിവയുടെ കീഴിൽ കൊണ്ടുവരണമെന്ന് പറയുന്നത് നിയമവിരുദ്ധമാണ് എന്നും പരാമർശം(4) പ്രകാരം ഇടവട്ടം കെ.എസ്സ്.എം.വി.എച്ച്.എസ്.എസ് മാനേജർ അറിയിച്ചിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, ഇടവട്ടം കെ.എസ്സ്.എം.വി.എച്ച്.എസ്സ് സ്കൂളിന് തൊട്ടടുത്ത് 1 മുതൽ 5 വരെ ക്ലാസ്സുകൾ ഉള്ള മറ്റൊരു സ്കൂൾ പ്രവർത്തിക്കുന്നത് കൊണ്ട് തന്നെ 6 ഉം 7 ഉം ക്ലാസ്സുകൾ കൂടി പുതുതായി അനുവദിക്കേണ്ടത് അത്യാവശ്യമാണ്. The Right of Children to Free and Compulsory Education Act 2009 അപഗ്രഥനം ചെയ്തുകൊണ്ട് ബഹു.കേരള ഹൈക്കോടതിയുടെ ഫുൾ ബെഞ്ച് 10/07/2019 ൽ W.ANo: 1140/2018 എന്ന കേസിലും അനുബന്ധ കേസുകളിലും വിധിപ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം(3) പ്രകാരം നൽകിയ നിർദ്ദേശത്തിൽ വന്ന തെറ്റ് തിരുത്തി ഇടവട്ടം കെ.എസ്സ്.എം.വി.എച്ച്.എസ്സ് സ്കൂളിന് 6 ഉം 7 ഉം ക്ലാസ്സുകൾ കൂടി പുതുതായി അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനുള്ള നിർദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു നൽകി അപ്രകാരം WP(C)No.28556/2022 -മേൽ ബഹു.ഹൈക്കോടതി 01.12.2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ , കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ് ), തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര

മാനേജർ, ഇടവട്ടം കെ.എസ്സ്.എം.വി.എച്ച്.എസ്.എസ്

വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 30-06-2025 16:21:59
സെക്ഷൻ ഓഫീസർ